ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.01.2025** പ്രധാന വാർത്തകൾ **TIME 07.25 PM**

1.) PM ഫസൽ ബീമാ യോജന, പുനഃക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് എന്നിവ ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭയുടെ അനുമതി. കർഷക ക്ഷേമം ഉറപ്പാക്കാൻ കേന്ദ്രം പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

The Union Cabinet Approves Extension of PM Fazal Bima Yojana and Restructured Weather-Based Crop Insurance Scheme; Prime Minister Narendra Modi Reaffirms Centre's Commitment to Ensuring Farmers' Welfare.

2.) വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസ പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ഈ മാസം 25 നകം പുറത്തിറക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Kerala Cabinet Approves Rehabilitation Plan for Wayanad Landslide Victims; Beneficiary List to be Released by January 25, Says CM Pinarayi Vijayan.

3.) കേരളത്തിലെത്തിയ നിയുക്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം; സത്യപ്രതിജ്ഞ നാളെ.

Kerala Welcomes Newly Appointed Governor Rajendra Vishwanath Arlekar; Oath Ceremony Scheduled for Tomorrow.

4.) 2024 ഡിസംബറിൽ രാജ്യത്തെ മൊത്ത ചരക്ക് സേവന നികുതി വരുമാനത്തിൽ 7.3 ശതമാനം വർധനയെന്ന് കേന്ദ്രസർക്കാർ.

India's Total GST collections Sees 7.3% Growth in December 2024.

5.) രാജ്യത്തിൻറെ വടക്കൻ സംസ്ഥാനങ്ങളിൽ ശൈത്യ തരംഗ സാഹചര്യം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കനത്ത മൂടൽമഞ്ഞ് ട്രെയിൻ ഗതാഗതത്തെ ബാധിച്ചതായി റെയിൽവേ.

Cold Wave to Persist in Northern States, Says IMD; Dense Fog Disrupts Train Services, Reports Railway.

********************

## CABINET DECISIONS (INTRO)

2025 ലെ ആദ്യ കേന്ദ്ര മന്ത്രിസഭായോഗം കർഷകർക്ക് സമർപ്പിക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. പ്രധാൻ മന്ത്രി ഫസൽ ബീമാ യോജനയും പുനഃക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും 2025-26 വരെ തുടരുന്നതിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.

PM ഫസൽ ബീമാ യോജനയ്ക്ക് കീഴിൽ വിള

ഇൻഷുറൻസിനുള്ള നീക്കിയിരുപ്പ് 69,515 കോടി രൂപയായി വർധിപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കഴിഞ്ഞ എട്ട് വർഷത്തിനിടെ ഒരു ലക്ഷത്തി 70,000 കോടി രൂപയുടെ

ക്ലെയിം കർഷകർക്ക് നൽകിയതായി ശ്രീ അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.
( മിനിസ്റ്റർ ബൈറ്റ് )

********************

## CABINET - DAP FERTILIZER

ഡൈ അമോണിയം ഫോസ്ഫേറ്റിന് നൽകി വന്ന ഒറ്റത്തവണ പ്രത്യേക പാക്കേജിൻറെ കാലാവധി ദീർഘിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. പോഷകാധിഷ്ഠിത സബ്സിഡിക്ക് പുറമേയാണ് ഇത്. രാസവള വകുപ്പിൻറെ നിർദ്ദേശം ക്യാബിനറ്റ് അംഗീകരിക്കുകയായിരുന്നു. 50 കിലോ ഡൈ അമോണിയം ഫോസ്ഫേറ്റ് 3500 രൂപയ്ക്ക് തന്നെ കർഷകർക്ക് ലഭ്യമാകുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

********************

## PM- CABINET

കർഷക ക്ഷേമം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025ലെ ആദ്യ ക്യാബിനറ്റ് കർഷകരെ കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണെന്നും ശ്രീ മോദി വ്യക്തമാക്കി. രാജ്യത്തെ അന്നദാതാക്കളായ കർഷകർ നമ്മുടെ അഭിമാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

********************

## DEFENCE-RAJNATH

2025 പരിഷ്കാരങ്ങളുടെ വർഷമായിരിക്കുമെന്നും സായുധ സേനയുടെ ആധുനികവൽക്കരണത്തിൽ സുപ്രധാന ചുവടുവയ്പായിരിക്കും പരിഷ്കാരങ്ങളെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധ മേഖലയിലെ സുപ്രധാന പദ്ധതികളുടെയും പരിഷ്കാരങ്ങളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി മന്ത്രാലയ സെക്രട്ടറിമാരുമായി അദ്ദേഹം ചർച്ച നടത്തി. സായുധ സേനയെ സാങ്കേതിക വൈദഗ്ധ്യം നേടിയ, യുദ്ധ

സജ്ജമായ സേനയാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

********************

## CM - WAYANAD (INTRO)

വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിൽ നിർമ്മിക്കുന്ന രണ്ട് മാതൃകാ ടൗൺഷിപ്പുകളുടെ നിർമ്മാണ ചുമതല ഊരാളുങ്കലിന് നൽകും. പുനരധിവാസത്തിന് അർഹരായ ഗുണഭോക്താക്കളുടെ പട്ടിക ഈ മാസം 25 നകം പുറത്തിറക്കും. ടൗൺഷിപ്പുകളിൽ അങ്കണവാടി, സ്കൂൾ, ആശുപത്രി, മാർക്കറ്റ്, പാർക്കിംഗ്, കളിസ്ഥലം എന്നിവ ഉണ്ടാകുമെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പുനരധിവാസത്തിന് ശേഷവും ദുരന്തബാധിത മേഖലയിലെ ഭൂമിയുടെ ഉടമസ്ഥാവകാശം അതാത് വ്യക്തികൾക്ക് തന്നെയായിരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

( വോയിസ്...)

********************

## GOVERNOR-PLEDGE

നിയുക്ത കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സംസ്ഥാനത്തെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. നാളെയാണ് ഗവർണറുടെ സത്യപ്രതിജ്ഞ. രാവിലെ 10.30 ന് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ സത്യവാചകം ചൊല്ലി കൊടുക്കും.

********************

## KERALA -CABINET

15-ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഈ മാസം 17 മുതൽ വിളിച്ചു ചേർക്കാൻ ഗവർണ്ണറോട് ശുപാർശ

ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻറെ കരട് തയ്യാറാക്കുന്നതിനായി മന്ത്രിസഭ ഉപസമിതിയെ യോഗം ചുമതലപ്പെടുത്തി.

********************

## SIVAGIRI

92-ാമത് ശിവഗിരി തീർത്ഥാടനത്തിന് സമാപനം. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അടിസ്ഥാനവർഗ്ഗത്തിൻറെ സ്വാതന്ത്ര്യത്തിന് വേണ്ടി നിലകൊണ്ട മഹാനാണ് ശ്രീനാരായണ ഗുരുവെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

********************

## KANNUR ACCIDENT

കണ്ണൂർ ശ്രീകണ്ഠപുരത്തിനടുത്ത് വളക്കൈയിൽ സ്കൂൾ ബസ് മറിഞ്ഞ് വിദ്യാർത്ഥിനി മരിച്ചു. കുറുമാത്തൂർ ചിന്മയ സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി നേദ്യ എസ് രാജേഷാണ് മരിച്ചത്. 15 കുട്ടികൾക്ക് പരിക്കേറ്റു.

********************

## GUJARAT NEW DISTRICT

ഗുജറാത്തിൽ വാവ്-ധരാദ് എന്ന പേരിൽ പുതിയ ജില്ല രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിൻറെ അനുമതി. ഉത്തര ഗുജറാത്തിലെ ബനസ്കന്ദയെ
വിഭജിച്ചാണ് പുതിയ ജില്ല രൂപീകരിക്കുക. ഗുജറാത്തിലെ 34-ാമത് ജില്ലയായിരിക്കും ഇത്. മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിൻറെ അധ്യക്ഷതയിൽ ചേർന്ന ക്യാബിനറ്റ് യോഗത്തിൻറെതാണ് തീരുമാനം.

********************

## GAS ATF PRICE CUT

രാജ്യത്ത് വാണിജ്യ ആവശ്യത്തിനുപയോഗിക്കുന്ന പാചകവാതക സിലിണ്ടറിന്റെ വില കുറഞ്ഞു.19 കിലോ ഭാരമുള്ള എൽപിജി സിലിണ്ടറിന് 14 രൂപ 50 പൈസയാണ് കുറച്ചത്. അതേസമയം ഗാർഹിക ആവശ്യത്തിന്

ഉപയോഗിക്കുന്ന പാചക വാതകത്തിൻ്റെ നിരക്കിൽ മാറ്റമില്ല.

********************

## GST COLLECTIONS-DECEMBER

2024 ഡിസംബറിൽ രാജ്യത്തെ മൊത്ത ചരക്ക് സേവന നികുതി വരുമാനത്തിൽ 7.3 ശതമാനം വർധന. 2023 ഡിസംബറിൽ 1.64 ലക്ഷം കോടി രൂപയായിരുന്ന മൊത്തം ജിഎസ്ടി വരുമാനം ഇക്കഴിഞ്ഞ ഡിസംബറിൽ 1.76 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. 2024 ഡിസംബറിൽ കേന്ദ്ര ജിഎസ്ടി വരുമാനം 32,836 കോടി രൂപയും സംസ്ഥാന വരുമാനം 40,499 കോടി രൂപയുമാണ് .

********************

## 22 TRAINS-DELAYED

രാജ്യത്തിൻ്റെ വടക്കൻ സംസ്ഥാനങ്ങളിൽ ശീത തരംഗ സാഹചര്യം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ട്രെയിൻ ഗതാഗതം തടസപ്പെട്ടു. ഡൽഹിയിലേക്കുള്ള 22 ഓളം ട്രെയിനുകൾ രണ്ട് മണിക്കൂർ വരെ വൈകിയാണ് സർവീസ് നടത്തുന്നതെന്ന് ഇന്ത്യൻ റെയിൽവേ അറിയിച്ചു. സ്റ്റേഷനിൽ എത്തുന്നതിന് മുമ്പ് യാത്രക്കാർ ട്രെയിനുകളുടെ പുതിയ സമയക്രമം പരിശോധിക്കണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചു.

********************

## CIVIL AVIATION CONSULTATION

മൂടൽ മഞ്ഞ് സമയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിമാനക്കമ്പനികൾ, വിമാനത്താവള അധികൃതർ തുടങ്ങിയവരുമായി വ്യോമയാന മന്ത്രാലയം ചർച്ച നടത്തി. ചർച്ചയിൽ സുരക്ഷാ ഏജൻസികൾ ഉൾപ്പെടെയുള്ളവരുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതിൻറെ ആവശ്യകത മന്ത്രാലയം വ്യക്തമാക്കി. കാലതാമസം കുറച്ച് യാത്രക്കാർക്ക് മികച്ച സേവനം ഉറപ്പു വരുത്തണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ജരാപ്പു രാം മോഹൻ നായിഡു നിർദേശിച്ചു.

********************

## Hockey

ഹോക്കി ഇന്ത്യ ലീഗിൽ ഇന്ന് ശ്രാഡ്ധി രാഡ് ബംഗാൾ ടൈഗേഴ്സ് - ഗോണാസികയുമായി ഏറ്റുമുട്ടും. ഒഡീഷയിലെ റൂർക്കേലയിൽ 8.15നാണ് മത്സരം.

********************

## STOCKS CLOSE

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 368 പോയിന്റ് ഉയർന്ന് 78,507 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 98 പോയിൻ്റ് നേട്ടത്തിൽ 23,743 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

********************

## MAHA-ACCIDENT

മഹാരാഷ്ട്രയിലെ സോലാപൂരിൽ ഉണ്ടായ വാഹനാപകടത്തിൽ നാല് തീർത്ഥാടകർ മരിച്ചു. ഏഴ് പേർക്ക് പരിക്കേറ്റു. അക്കൽകോട്ടിലേക്ക് തീർത്ഥാടകരുമായി പോകുകയായിരുന്ന ജീപ്പ് ട്രക്കുമായി കൂട്ടിയിടിക്കുകയായിരുന്നു.

********************

## MAHA KUMBH MELA

മഹാ കുംഭമേളയുടെ ഒരുക്കങ്ങൾ ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ പുരോഗമിക്കുന്നു. ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് കുംഭമേള നടക്കുന്നത്. 45 കോടിയോളം തീർഥാടകർ പങ്കെടുക്കുമെന്നാണ് വിലയിരുത്തൽ.

********************

## INDIA PAK NUCLEAR+ PRISONERS

ആണവനിലയങ്ങളുടെയും കേന്ദ്രങ്ങളുടെയും പട്ടിക കൈമാറി ഇന്ത്യയും പാകിസ്ഥാനും. ആണവനിലയങ്ങൾക്ക് നേരെയുള്ള ആക്രമണം തടയുന്നതിൻറെ ഭാഗമായുള്ള ഉടമ്പടി പ്രകാരമാണ് പട്ടിക കൈമാറ്റം. 1988 ഡിസംബർ 31 ന്

ഒപ്പുവച്ച ഉടമ്പടി 1991 ജനുവരി 27നാണ് പ്രാബല്യത്തിൽ വന്നത്. പിടികൂടിയ തടവുകാരുടെ പട്ടികയും ഇരു രാജ്യങ്ങളും കൈമാറി.

********************

## RUSSIA EUROPE GAS

സോവിയറ്റ് കാലഘട്ടത്തിലെ പൈപ്പ് ലൈനിലൂടെയുള്ള റഷ്യയുടെ പ്രകൃതി വാതക കയറ്റുമതി നിലച്ചു. യുക്രൈൻ വഴി യൂറോപ്പിലേക്കുള്ള കയറ്റുമതിയാണ് തടസപ്പെട്ടത്. ഉടമ്പടി അവസാനിച്ചിട്ടും പുതിയ കരാർ ഉണ്ടാക്കാൻ സാധിക്കാതെ വന്നതോടെയാണ് പ്രകൃതി വാതക നീക്കം നിർത്തി വച്ചത്.

********************

## Indian Navy

ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച യുദ്ധക്കപ്പലുകളായ നീൽഗിരി, സൂറത്ത്, വാഗ്ശീർ എന്നിവ ഈ മാസം 15ന് മുംബൈയിൽ കമ്മീഷൻ ചെയ്യും. ഇന്ത്യൻ നാവികസേനയ്ക്ക് കരുത്താകാൻ മൂന്ന് യുദ്ധക്കപ്പലുകൾ സാധിക്കും. നാവികസേനയുടെ തദ്ദേശീയ കപ്പൽ നിർമ്മാണം, സ്വയം പര്യാപ്തത എന്നിവയുടെ ഭാഗമായാണ് യുദ്ധക്കലുകൾ നിർമിച്ചത്.

********************

## BJP-PRESS BRIEFING

ഡൽഹിയിലെ മാലിന്യക്കൂമ്പാരങ്ങൾ വൃത്തിയാക്കുമെന്ന ആം ആദ്മി പാർട്ടിയുടെ വാഗ്ദാനങ്ങൾ പാലിച്ചില്ലെന്ന ആരോപണവുമായി ബി.ജെ.പി. രാജ്യതലസ്ഥാനത്ത് എട്ട് മീറ്ററോളം ഉയരത്തിലാണ് മാലിന്യക്കൂമ്പാരമെന്ന് ബിജെപി വക്താവ് സുധാൻഷു ത്രിവേദി പറഞ്ഞു. വേനൽക്കാലത്ത് ഡൽഹിയിലെ പല പ്രദേശങ്ങളിലും ജലക്ഷാമം രൂക്ഷമാണെന്നും ശ്രീ സുധാൻഷു ത്രിവേദി ചൂണ്ടിക്കാട്ടി.

********************

## FISHERMEN RELEASE

രാജ്യാന്തര സമുദ്രാതിർത്തി ലംഘിച്ചതിന് ശ്രീലങ്കൻ നാവികസേന ഒരു വർഷം മുമ്പ് അറസ്റ്റ് ചെയ്ത തമിഴ്നാട് സ്വദേശികളായ 20 മത്സ്യത്തൊഴിലാളികളെ ഇന്ന് വിട്ടയച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇടപെടലിനെ തുടർന്നാണ് മോചനം. അടുത്തിടെ ശ്രീലങ്കൻ പ്രസിഡൻ്റിൻ്റെ ഇന്ത്യാ സന്ദർശന വേളയിലും വിഷയം ചർച്ചയായിരുന്നു.

********************

***********

************